പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1310 — 10.08.2017-ൽ മറുപടിയ്ക്ക്

## കേന്ദ്ര മത്സ്യ നയം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.പി.ജയരാജൻ<br>" കെ. ദാസൻ<br>" കെ.ജെ. മാക്സി<br>" വി. ജോയി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ച മത്സ്യ നയത്തിലൂടെ സ്വകാര്യ കപ്പലുകൾക്ക് 12 നോട്ടിക്കൽ മൈൽ അകലെ വരെ മത്സ്യബന്ധനത്തിന് അനുമതി നൽകുന്ന സാഹചര്യത്തിൽ പരമ്പരാഗത മത്സ്യതൊഴിലാളികളുടെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാരിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ: | (എ) | സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 നോട്ടിക്കൽ മൈൽ എന്നാക്കി പുനർ ക്രമീകരിച്ച് പുതിയ ദേശീയ മത്സ്യനയത്തിൽ ഉൾപ്പെടുത്തണമെന്നുള്ളത് ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. ഈ ആവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ നയം പുന:പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളി സംഘങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി സീറാഞ്ചിംഗ്, കൂടുകൃഷി പദ്ധതികൾ വിപുലീകരിക്കുന്നതാണ്. സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യ/ ചെമ്മീൻ കുഞ്ഞുങ്ങളെ ഹാച്ചറികളിൽ ഉൽപ്പാദിപ്പിച്ച് കായലുകളിലും അഴിമുഖങ്ങളിലും നിക്ഷേപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ മത്സ്യസമ്പത്ത് വർദ്ധിക്കുവാൻ സാധിക്കും. കൂടാതെ കൂടുകൃഷി പദ്ധതി ഉപയോഗപ്പെടുത്തി കടലിൽ കൂടുകൾ ഇറക്കി അതിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് പിടിച്ചെടുക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്. കൃത്രിമപ്പാര് നിക്ഷേപിച്ച് കൊണ്ട് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ നടപ്പാക്കി വരുന്നു. |
| (ബി) | മത്സ്യ നയത്തിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രതികരണം എന്തായിരുന്നു എന്ന് അറിയിക്കുമോ; | (ബി) | 28/04/2017 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയത്തിൽ ഗുണത്തെക്കാളേറെ മത്സ്യബന്ധന മേഖലയിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. മത്സ്യമേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്ന നിരവിധി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല. സംസ്ഥാനങ്ങളുടെ തീരക്കടൽ അധികാര പരിധി നിലവിലെ 12 നോട്ടിക്കൽ മൈൽ എന്നത് 36 |

| | | | |
|---|---|---|---|
| | | | നോട്ടിക്കൽ മൈൽ എന്ന് പുനർ ക്രമീകരിക്കണമെന്നുള്ളതും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കത്തക്ക വിധം നയരൂപീകരണം വേണമെന്നും, മത്സ്യമേഖലയ്ക്ക് മാത്രമായി കേന്ദ്രസർക്കാരിന്റെ കീഴിൽ ഒരു മന്ത്രാലയം വേണമെന്നുമുള്ള ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പോലും പുതിയ ദേശീയ മത്സ്യ നയത്തിൽ ഉൾപ്പെട്ടിട്ടില്ല. ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുന്നത് സംബന്ധിച്ച് ദേശീയ തലത്തിൽ തീരുമാനമുണ്ടാകണമെന്നും, മത്സ്യബന്ധനയാനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ്സ് നിശ്ചയിക്കണമെന്നുള്ളതും പുതിയ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. മേൽ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനും ആഴക്കടൽ മത്സ്യ ബന്ധനം മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് സാമ്പത്തികമായ സാങ്കേതിക സഹായം നൽകി പ്രാപ്തരാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും പ്രതികരണം ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാനെന്ന പേരിൽ വിദേശ സാങ്കേതിക വിദ്യയുടെ സഹായം തേടുമെന്നും പി.പി.പി. മോഡൽ പ്രോത്സാഹിപ്പിക്കുമെന്നുമുള്ള കേന്ദ്ര നയം മത്സ്യബന്ധന രംഗത്തെ കുത്തകവൽക്കരണത്തിന് കാരണമാകുന്നതിനാൽ പ്രസ്തുത നയങ്ങൾ തിരുത്തിക്കാൻ വേണ്ട ഇടപെടൽ നടത്താൻ സാധിക്കുമോ എന്നറിയിക്കാമോ? | (സി) | ആവശ്യമായ ഇടപെടൽ നടത്താൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ